രൂപ ഇവർക്ക് കിട്ടേണ്ടതായിരിക്കുകയാണ്, ഇതാണ് പ്രശ്നം. അതൊന്ന് ഗവണ്മെന്റ് ശ്രദ്ധിച്ച് അടിയന്തിരമായി പരിഹരിക്കാൻ ശ്രദ്ധചെലുത്തുമോ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഒരു കാര്യം ഇതുവരെ എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അതിനെപ്പറ്റി ആലോചിക്കാം.

## വിനോദ നികുതി

* 567. [7] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64–ൽ പുതുതായി ഏർപ്പെടുത്തിയ വിനോദ നികുതി ഇനത്തിൽ എത്ര തുകയാണ് പ്രതീക്ഷിച്ചിരുന്നത് ;

(ബി) എത്ര തുക പിരിഞ്ഞുകിട്ടി ;

(സി) പ്രസ്തുത നികുതി നമ്മുടെ വളർന്നുവരുന്ന സിനിമാ വ്യവസായത്തേയും കലാ സാംസ്കാരിക പ്രവർത്തനങ്ങളേയും സാരമായവിധം തടസ്സപ്പെടുത്തുന്നതാകയാൽ പുനഃപരിശോധിക്കണമെന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇതേപ്പറ്റി പരിഗണിച്ച് ഒരു പുനഃപരിശോധന നടത്താൻ ഉദ്ദേശമുണ്ടോകുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) എത്രയാണ് 25 ലക്ഷം രൂപയ്ക്കുമേൽ.

(ബി) 1–5–1963 മുതൽ 31–12–1963 വരെ 18,18,780.35 രൂപ പിരിഞ്ഞുകിട്ടി.

(സി) കേരള ഫിലിം ചേമ്പർ ഓഫ് കോമേഴ്സ് പ്രസിഡന്റിൽ നിന്നും ഇതേ സംബന്ധിച്ച് ഒരു കമ്പി കിട്ടിയിട്ടുണ്ട്.

(ഡി) ഇപ്പോഴും ഒരു പുനഃപരിശോധന നടത്തണമെന്ന ഉദ്ദേശമില്ല.

ശ്രീ. എസ്. കുമാരൻ : മധ്യതിരുവിതാംകൂറിലെ കലാസംഘടനകളിലെ പ്രതിനിധികളും ചേർന്ന് ഇതുസംബന്ധിച്ച് ഒരു മെമ്മോറാണ്ടം ഗവണ്മെന്റിനു തന്നിട്ടുണ്ടോ ; ഗവണ്മെന്റ് അതിനെപ്പറ്റി പരിഗണിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: മെമ്മോറാണ്ടം ഇവിടെ കിട്ടിയിട്ടുണ്ടോയെന്നുള്ള വിവരം ഇപ്പോൾ പറയാൻ നിവൃത്തിയില്ല. വിനോദനികുതിയിൽ എന്തെങ്കിലും വ്യത്യാസം വരുത്താൻ ഗവണ്മെന്റ് വിചാരിക്കുന്നില്ലെന്ന് (ഡി) ക്കുത്തരമായി പറഞ്ഞു.

ശ്രീ. കെ. കൃഷ്ണപിള്ള : വിനോദനികുതിയിൽ അഡീഷണൽ ടാക്സ് ഏർപ്പെടുത്തിയശേഷം, ലോക്കൽ ബോഡീസിൽ വിനോദനികുതിയിനത്തിൽ കുറവു വന്നിട്ടുണ്ടോയെന്നു പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പ്രത്യേകമായി പരിശോധിച്ചിട്ടില്ലെങ്കിലും പ്രതീക്ഷിച്ച 25 ലക്ഷം രൂപ കിട്ടുമെന്നാണ് ഗവണ്മെന്റ് വിചാരിക്കുന്നത്.

ശ്രീ. ഈ പി. ഗോപാലൻ : വർദ്ധിച്ച നികുതിയുടെ ഫലമായി ടിക്കറ്റുവച്ച് കലകൾ നടത്തുന്നവർക്ക് നഷ്ടമാണെന്നു വിസ്തരിച്ച് മെമ്മോറാണ്ടം അയച്ചിട്ടുള്ളതിന്റെ കോപ്പി ഞങ്ങൾക്കു കിട്ടിയിട്ടുണ്ട്. കലകൾ ജനസ്സിയാകുമെന്നുവിചാരിച്ച് ഇതിൽ നിലാക്കസേഷൻ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇപ്പോൾ ഒരു പുനഃപരിശോധന നടത്തണമെന്നുദ്ദേശമില്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : മദ്രാസിൽ പൊതുവെ വിനോദനികുതി യുണ്ടെങ്കിലും നാടകങ്ങളെ ഒഴിവാക്കിയിട്ടുണ്ടെന്നു് മനസ്സിലാക്കാൻ കഴിയുന്നു. അതുപോലെ ഇവിടെയും നാടകങ്ങളെ ഒഴിവാക്കണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ ; അക്കാര്യം പരിഗണിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എതെങ്കിലും പ്രത്യേക കലാപരിപാടികൾക്കു് വിനോദനികുതി ബാധകമാക്കേണ്ടെന്നു് ലോക്കൽ ബോഡിയ്ക്കു് തീരുമാനിക്കാമല്ലോ. അതുകൊണ്ടു് അക്കാര്യത്തിൽ വിഷമമില്ല.

**Mr. Speaker :** Question No. 8. A similar question has been already answered.

## ഖാദിബോർഡിലും ഹാൻഡി ക്രാഫ്റ്റ്സ് ബോർഡിലും ഉള്ള നിയമനം

* 568. [9] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ഖാദി ബോർഡിലും, ഹാൻഡിക്രാഫ്റ്റ്സ് ബോർഡിലും 400 രൂപയ്ക്കു മേൽ ശമ്പളത്തിൽ നിയമിച്ചവരുടെ പേരുവിവരം അടങ്ങുന്ന ലിസ്റ്റു് മേശപ്പുറത്തു വയ്ക്കുമോ ;

(ബി) ഈ നിയമനങ്ങളും ലഭിച്ചവരിൽ ഗവണ്മെന്റു സർവ്വീസിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞവർ ആരെല്ലാം ;

(സി) അവർ ഗവണ്മെന്റിൽ വാങ്ങിയിരുന്ന ശമ്പളവും ഇപ്പോഴും ഓരോരുത്തരും വാങ്ങുന്ന ശമ്പളവും അടങ്ങുന്ന ഒരു ലിസ്റ്റു് മേശപ്പുറത്തു വയ്ക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) ഖാദിബോർഡിൽ ശ്രീ. എം. വൈ. സ്വാമിനാഥനെ ഫിനാൻഷ്യൽ അഡ്വൈസറും ചീഫ് അക്കൗണ്ട്സ് ആഫീസറുമായി നിയമിച്ചിട്ടുണ്ടു്. കേന്ദ്രഗവണ്മെന്റുദ്യോഗസ്ഥനായ അദ്ദേഹത്തെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണു് നിയമിച്ചിട്ടുള്ളതു്. ഹാൻഡിക്രാഫ്റ്റു് അഡ്വൈസറി ബോർഡിൽ നിയമനം നടത്തിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

## എഴുകോൺ വില്ലേജ് ഹരിജൻ കോളനി.

* 569. [10] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ എഴുകോൺ വില്ലേജ്ഹരിജൻകോളനി സബ്ഡിവിഷൻ ചെയ്തുകൊടുത്തിട്ടുണ്ടോ;

(ബ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്;

(സി) പ്രസ്തുത കോളനിനിവാസികൾക്കു് ഒരു ശ്മശാനം വേണമെന്നു കാണിച്ചു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള നടപടി എന്തായി?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ,ബി) എഴുകോൺ ഹരിജൻ കോളനിയിലെ സബ്ഡിവിഷൻ സർവ്വേ ജോലി നടന്നുകൊണ്ടിരിക്കുകയാണു്.

(സി,ഡി) നിവേദനം ലഭിച്ചിട്ടില്ല. സബ്ഡിവിഷൻ ചെയ്യുന്ന തോടുകൂടി ശ്മശാനത്തിനും മറ്റു പൊതുആവശ്യങ്ങൾക്കുമായി 2 ഏക്കർ സ്ഥലം പ്രത്യേകം അളന്നുതിരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly